## ഫിലിപ്പിയർ 2:5

"ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ."

കർത്താവിൽ പ്രിയരേ, നമ്മുടെ കർത്താവായ യേശുക്രിസ്തു, പാപങ്ങളിലും അതിക്രമങ്ങളിലും മരിച്ചവരായിരുന്ന നമ്മെ ഓരോരുത്തരേയും വീണ്ടെടുക്കുവാൻ വേണ്ടി യാഗമായ് തീർന്നതിന്റെ ഒരു ഓർമ്മ പുതുക്കലിന്റെ അനുഭവത്തിലൂടെ നാം പലപ്പോഴും കടന്നു പോകാറുണ്ടല്ലോ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആയിരിക്കുന്ന നാമോരോരോരുത്തരും ഇന്ന് ആയിരിക്കുന്ന അനുഭവം എന്നു പറയുന്നത് എല്ലാവർക്കും ഒരേപോലെ ഉള്ള ഒന്നായി മാറ്റപ്പെട്ടു കൊണ്ടിരിക്കുന്നു, ലോകം ആകമാനം ഭീതിയിൽ കഴിയുന്നു. പ്രവാചകനിലൂടെ ദൈവത്തിന്റെ ശബ്ദം ഇപ്രകാരം സംസാരിച്ചു, "ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു; അന്ധതമസ്സുള്ള ദേശത്തു പാർത്തവരുടെ മേൽ പ്രകാശം ശോഭിച്ചു." ഇന്ന് കർത്താവിന്റെ പീഡാനുഭവ ധ്യാന ചിന്തകളിലൂടെ നാം കടന്നു പോകുമ്പോൾ ആ വെളിച്ചത്തിന്റെ ഉള്ളിൽ പ്രവേശിച്ച് നമ്മിലുള്ള സകല അന്ധകാരത്തിന്റെയും അനുഭവം മാറി നാം അവന്റെ തേജസ്സിൽ പ്രകാശിക്കുവാൻ ഇടയായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു.

### 2. ക്രിസ്തു ദാസരൂപം എടുത്തു (ഫിലിപ്പിയർ 2:7)

ക്രിസ്തുവിന്റെ പീഡാനുഭവ ധ്യാനചിന്തകളിലൂടെയാണല്ലോ നാം കടന്നു പോകുന്നത്. അതിന്ന് ആധാരമായി നാം എടുത്തിരിക്കുന്നത് ഫിലിപ്പ്യർക്ക് എഴുതിയ ലേഖനത്തിലെ അദ്ധ്യായം 2 ആണ്. അവിടെ ദൈവത്തിന്റെ വചനം നമ്മെ പ്രബോധിപ്പിക്കുന്നത്, 'ക്രിസ്തുവിന്റെ ഭാവം നിങ്ങളിലും ഉണ്ടായിരിക്കട്ടെ' എന്നുള്ളതാണ്. അതിൽ നാം ആദ്യമായി ചിന്തിച്ചു, 'അവൻ തന്നെത്താൻ ഒഴിച്ചു' എന്ന്. ഇവിടെ നാം വീണ്ടും കാണുകയാണ് 'അവൻ ദാസരൂപം എടുത്തു' എന്ന്. പ്രിയമുള്ളവരെ ഈ ഓരോ ഭാവവും നാം ചിന്തിക്കുമ്പോൾ, യേശുക്രിസ്തു ഈ ഭാവങ്ങളിലൂടെയെല്ലാം കടന്നു പോയത് അവന്റെ മുമ്പിൽ വെച്ചിരുന്ന നമ്മുടെ രക്ഷ ആകുന്ന സന്തോഷം ഓർത്തിട്ടാണ് എന്നുള്ളത് നാം മറന്നു പോകരുത്.

അവൻ ദാസരൂപം എടുത്തു. ദാസനെന്നു പറയുമ്പോൾ നമുക്കറിയാം ഏറ്റവും താഴ്മയുള്ളവനും, അനുസരണമുള്ളവനും, തന്റെ യജമാനനു വേണ്ടി എന്തും ചെയ്യാൻ തയ്യാറായി നിൽക്കുന്നവനും ആയിരിക്കും. അവന്റെ ജീവിതത്തിന്റെ സ്പന്ദനം എന്നു

പറയുന്നത് തന്നെ തന്റെ യജമാനനിൽ നിന്നു അവനു ലഭിക്കുന്ന നിർദ്ദേശങ്ങളും ആജ്ഞകളുമൊക്കെ ആയിരിക്കും, അതിനനുസരിച്ചു പ്രവർത്തിക്കുക എന്നതായിരിക്കും. അതിന്നു വേണ്ടി അവൻ എപ്പോഴും യജമാനന്റെ വിളിയോർത്ത് കഴിയുകയും, സദാസമയം അവന്റെ കൂടെ ആയിരിപ്പാൻ ശ്രമിക്കുകയും ചെയ്യും. പ്രിയരേ ഇവിടെ ക്രിസ്തു തന്റെ ദൈവീക സമാനതകളെല്ലാം വിട്ട്, പിതാവാം ദൈവത്തിന്റെ ദാസനായി രൂപമെടുക്കുകയാണ് ചെയ്തത്. തന്റെ പിതാവിൽ നിന്നു ലഭിക്കുന്ന ആജ്ഞകൾക്കനുസൃതമായി, അവൻ ലോകത്തിൽ പ്രവർത്തിച്ചു. സദാ സമയം പിതാവുമായുള്ള ബന്ധത്തിലായിരിക്കുവാൻ അവൻ ജീവിതത്തിലുടനീളം ശ്രമിച്ചു.

ക്രിസ്തുവിന്റെ ജീവിതമാകമാനം എടുത്തു നോക്കിയാൽ താൻ എന്തു പ്രവർത്തിക്കുന്നതിന്നും മുമ്പും അവൻ ദൈവത്തോട് പ്രാർത്ഥിക്കുന്നതായി നമുക്ക് കാണാൻ കഴിയും. ഇത് കാണിച്ചു തരുന്ന ഒരു കാര്യമെന്നു പറയുന്നത് തന്റെ പിതാവ് എന്തു ഉദ്ദേശ്യത്തോടെയാണൊ, തന്നെ ഈ ഭൂമിയിലേക്ക് അയച്ചിരിക്കുന്നത്, അതിൽ താൻ പിതാവിന്റെ നല്ല ദാസനായി, അവന്റെ ആജ്ഞകളും, കൽപനകളും അനുസരിച്ച് പ്രവർത്തിക്കുന്നവനായിരുന്നു എന്നുള്ളതാണ്. ക്രൂശിൽ കിടന്നപ്പോഴും, താൻ അനുഭവിക്കുന്ന യാതനകളുടെയും സഹനത്തിന്റെയും ആഴമോ, വ്യാപ്തിയോ ഒന്നും നോക്കാതെ, അനുസരണയുള്ള ഒരു നല്ല ദാസനായി, പിതാവിന്റെ ഹിതത്തിന്നു തന്നെ ഏൽപ്പിച്ചു കൊടുത്തതായി നമുക്ക് കാണാം. പാപങ്ങളിലും, അതിക്രമങ്ങളിലും മരിച്ചവരായിരുന്ന നമ്മുടെ ജീവൻ നേടുവാൻ, ക്രിസ്തു ക്രൂശിൽ കഷ്ടതയനുഭവിച്ച് മരിച്ച് ഉയിർത്തെഴുന്നേറ്റത്, നാം അവന്റെ ഭാവത്തിൽ ആയിത്തീരുന്നതിന്നു വേണ്ടിയാണ്.

പ്രിയരേ, അവൻ ക്രൂശിൽ കിടന്നപ്പോഴും അനുസരണയുള്ള ഒരു നല്ല ദാസനായി, പിതാവിന്റെ ഹിതത്തിന്നു തന്നെ ഏൽപ്പിച്ചു കൊടുത്തതായി നമുക്ക് കാണാം. അവൻ ഈ ലോകത്തിൽ നിന്നു കടന്നു പോകുന്നതിനു മുമ്പ്, തന്റെ ശിഷ്യന്മാരുടെ കാൽ കഴുകി ചുംബിച്ച് അവരോടു ഇപ്രകാരം പറഞ്ഞു, 'ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: ദാസൻ യജമാനനേക്കാൾ വലിയവൻ അല്ല; ദൂതൻ തന്നെ അയച്ചവനേക്കാൾ വലിയവനുമല്ല. ഇതു നിങ്ങൾ അറിയുന്നു എങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ.' ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

സങ്കീർത്തനങ്ങൾ 116:16

യഹോവേ, ഞാൻ നിന്റെ ദാസൻ ആകുന്നു; നിന്റെ ദാസനും നിന്റെ ദാസിയുടെ മകനും തന്നേ; നീ എന്റെ ബന്ധനങ്ങളെ അഴിച്ചിരിക്കുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 152